**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5957 08/07/2013-ൽ മറുപടിയ്ക്ക്

# കൊല്ലം ജില്ലയിലെ പച്ചക്കറി വികസന പദ്ധതി

ചോദ്യം
ശ്രീമതി പി. അയിഷാ പോറ്റി

മറുപടി
**ശ്രീ. കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) കൊല്ലം ജില്ലയിൽ നടത്തുന്ന പച്ചക്കറി വികസന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

എ) 2013-14 വർഷത്തിൽ കൊല്ലം ജില്ലയിൽ നടത്തുന്ന പച്ചക്കറി വികസന പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്ലസ്റ്റർ അടിസ്ഥാനത്തിൽ-

| | | | |
|---|---|---|---|
| 1. | ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി | 160 യൂണിറ്റ് | 800 ഹെക്ടർ |
| 2. | വീട്ടുവളപ്പിൽ പച്ചക്കറി കൃഷി | 385000 കിറ്റ് വിതരണം | 462 ഹെക്ടർ |
| 3. | ടെറസ് പച്ചക്കറി കൃഷി | 2000 യൂണിറ്റുകൾ | 6 ഹെക്ടർ |
| 4. | പ്രോജക്ട് അടിസ്ഥാനത്തിൽ കൃഷി | 10 എണ്ണം | 2 ഹെക്ടർ |
| 5. | പമ്പ് സെറ്റ് | 125 എണ്ണം | |
| 6. | സസ്യ സംരക്ഷണ ഉപകരണം | 70 എണ്ണം | |

പദ്ധതി നടത്തിപ്പിനായി ജില്ലയ്ക്ക് 285.046 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബ്ലോക്ക് തല അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ജില്ലയ്ക്ക് ലഭിച്ച ഭൗതിക ലക്ഷ്യം വീതിച്ച് നൽകിയിട്ടുണ്ട്.

കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ കീഴിൽ കൊല്ലം ജില്ലയിലെ പോരുവഴി, ശാസ്താംകോട്ട, കുന്നത്തൂർ, കല്ലട വെസ്റ്റ്, ശൂരനാട് നോർത്ത്, ശൂരനാട് സൗത്ത്, തൊടിയൂർ, നെടുമ്പന, ആദിച്ചനെല്ലൂർ, കൊറ്റംകര, ഇളമ്പള്ളൂർ, പെരിനാട്, കുമ്മിൾ, കടയ്ക്കൽ, ചിതറ, നിലമേൽ, ഇളമാട്, ചടയമംഗലം, ഇട്ടിവ,

ഇടമുളയ്ക്കൽ, നെടുവത്തൂർ, മൈലം, കുളക്കട, പവിത്രേശ്വരം, എഴുകോൺ, കരീപ്ര, കൊട്ടാരക്കര, ഉമ്മന്നൂർ, അഞ്ചൽ, കരവാളൂർ, ഏരൂർ, കുളത്തൂപ്പുഴ, അലയമൺ, പിറവന്തൂർ, പത്തനാപുരം, മേലില, വെട്ടിക്കവല, വിളക്കുടി, കലവൂർ, പട്ടാഴി സൗത്ത്, പട്ടാഴി നോർത്ത്, പൂയപ്പള്ളി, കല്ലുവാതുക്കൽ, വെളിനെല്ലൂർ, ചിറക്കര എന്നീ പഞ്ചായത്തുകളിൽ കർഷകരുടെ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് വിവിധ കാർഷിക വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ശാസ്താംകോട്ട, പട്ടാഴി, പെരിനാട് എന്നീ പഞ്ചായത്തുകളിൽ പ്രിസിഷൻ കൃഷി രീതികൾ അനുവർത്തിച്ചു വരുന്നു. പുത്തൂർ, വാളകം, കൊറ്റംകര, കല്ലുവാതുക്കൽ, കൊല്ലം എന്നിവിടങ്ങളിൽ പച്ചക്കറി വിപണനത്തിനായി റീട്ടെയിൽ ഔട്ട്ലെറ്റുകളും മൈലം പഞ്ചായത്തിൽ ഒരു പച്ചക്കറി തൈ ഉല്പാദന കേന്ദ്രവും പ്രവർത്തിച്ചുവരുന്നു. മൈലം പഞ്ചായത്തിൽ പോളി ഹൗസിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശത്തിന്റെയും വ്യക്തികളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും ഈ സാമ്പത്തിക വർഷം പദ്ധതിയുടെ വിവിധ ഘടങ്ങൾ നടപ്പിലാക്കുന്നു. താല്പര്യമുള്ള കർഷകരെ ഗ്രാമ പഞ്ചായത്തുകളും കൃഷി ഭവനും ചേർന്ന് തെരഞ്ഞടുക്കുന്നതാണ്.

കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ നെടുവത്തൂർ, ഇഞ്ചക്കാട്, പുത്തൂർ, വെളിയം, നെടുമ്പായിക്കുളം, പ്ലാപ്പിള്ളി, വാളകം എന്നിവിടങ്ങളിൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ കീഴിൽ സ്വാശ്രയ കർഷക സമിതികൾ പ്രവർത്തിച്ചു വരുന്നു.

സി പ്രസ്തുത പദ്ധതി പ്രകാരം എത്ര വിസ്തൃതി പ്രദേശത്ത് പുതിയതായി പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു?

സി) ജില്ലയിൽ മൊത്തം 1270 ഹെക്ടർ പ്രദേശത്ത് പച്ചക്കറി കൃഷി നടത്താനാണ് ലക്ഷ്യമിടുന്നത്.

2013-14 സാമ്പത്തിക വർഷം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ മുഖാന്തിരം പച്ചക്കറി കൃഷി ചെയ്യുന്ന നിലവിലുള്ള 800 ഹെക്ടർ കൂടാതെ 250 ഹെക്ടറിലേക്ക് കൂടി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൗൺസിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

ഇതിൽ 60 ഹെക്ടറിൽ പച്ചക്കറി കൃഷിയിൽ നാടൻ ഇനങ്ങൾ ഉൾപ്പെടുത്തിയുള്ള വിള വൈവിധ്യവത്ക്കരണം നടപ്പിലാക്കുന്നതാണ്. 15 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനും 5 ഹെക്ടറിൽ ഹൈബ്രിഡ് പച്ചക്കറികൾ കൃഷി ചെയ്യുന്നതിനും പദ്ധതികളുണ്ട്.

**സെക്ഷൻ ഓഫീസർ**